**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2567** **07-07-2022 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി മണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി മണ്ഡലത്തിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നെന്ന വിശദമാക്കുമോ; | (എ) | കൊണ്ടോട്ടി മേഖലയിൽ വർദ്ധിച്ച വരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനും വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിനും കൊണ്ടോട്ടി മണ്ഡലത്തിലെ പുളിക്കലിൽ ഒരു 110 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക പഠനം നടത്തുകയും സബ്സ്റ്റേഷൻ സ്ഥാപിക്കുന്നത് ആവശ്യമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ടി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. 33 കെ.വി. കൊണ്ടോട്ടി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള സ്ഥലം ലഭ്യമാക്കുന്നതിന് മുനിസിപ്പാലിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>കൊണ്ടോട്ടി മണ്ഡലത്തിൽ കാരാട് ഇലക്ട്രിക്കൽ സെക്ഷനുകീഴിൽ മേലെ പുതുക്കോട് മുതൽ പെരിങ്ങാവ് വരെയും, കക്കോവ് മുതൽ പുഞ്ചപ്പാടം വരെയും 11 കെ.വി ലൈൻ സ്ഥാപിച്ച ഇന്റർലിങ്ക് ചെയ്യുന്ന പ്രവൃത്തി നടന്നു വരുന്നു. കൂടാതെ മുണ്ടകശ്ശേരി, മൂളപ്പുറം, പുതുക്കോട്, പാറമ്മൽ, കാരാട്, തിരുത്തിയാട്, അത്താണി എന്നീ പ്രദേശങ്ങളിലെ നിലവിലുള്ള കമ്പികൾ മാറ്റി ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (ABC) കേബിൾ ആക്കുന്നതിനുള്ള പദ്ധതിക്കും അനുമതി ലഭിച്ചിട്ടുണ്ട്. പുളിക്കൽ ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ 5 പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. |
| (ബി) | മീറ്റർ, പോസ്റ്റ് , എ.ബി.സി. കേബിൾ എന്നിവ ആവശ്യാനുസരണം മണ്ഡലത്തിലെ സെക്ഷനുകളിൽ ലഭ്യമാണോ; ഇല്ലെങ്കിൽ ആയത് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | കോടതിയിൽ കേസ് നിലനിന്നിരുന്നതിനാൽ 8 m പോസ്റ്റുകൾക്ക് ക്ഷാമം ഉണ്ടായിരുന്നു. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരി ച്ചിട്ടുണ്ട്. എബിസി, മീറ്റർ എന്നിവ KSEBL-ന്റെ മൊത്തം ആവശ്യത്തിനനുസരിച്ച് centralised purchase ൽ കൂടി വാങ്ങി നൽകി വരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത മണ്ഡലത്തിൽ വിവിധ സെക്ഷനിലെ പ്രവൃത്തികൾ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി അനുമതി നൽകുന്നതിന് മഞ്ചേരി എക്സിക്യൂട്ടീവ് എഞ്ചിനിയർ (പി.എം.യു.) അയച്ച പ്രൊപ്പോസലുകളിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ? | (സി) | റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി അനുമതി നൽകുന്നതിന് സംസ്ഥാനത്തെ വിവിധ സെക്ഷനുകളിൽ നിന്നും ലഭിച്ച പ്രൊപ്പോസലുകൾ കെ.എസ്.ഇ.ബി.എൽ പരിശോധിച്ചു വരുന്നു. പരിശോധനക്ക് ശേഷം ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ